**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5151

15.11.2019 ൽ മറുപടിക്ക്.

**കെട്ടിട നിർമ്മാണ മേഖലയിലെ കുടുംബശ്രീ സാന്നിദ്ധ്യം**

| **ചോദ്യം**<br>ശ്രീ. എം. സ്വരാജ് | | **മറുപടി**<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനമൊട്ടാകെ കുടുംബശ്രീയുടെ നേതൃത്വത്തിൽ 294 വനിതാകൺസ്ട്രക്ഷൻ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ തലത്തിൽ 260 നിർമ്മാണ യൂണിറ്റുകളും നഗരസഭാതലത്തിൽ 34 യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഇതിലേക്കായി ഇവർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച 53 ദിവസത്തെ പരിശീലന മൊഡ്യൂളാണ് ഇവരുടെ പരിശീലന പരിപാടിയ്ക്കായി ഉപയോഗിക്കുന്നത്. സർക്കാർ അംഗീകൃത കൺസ്ട്രക്ഷൻ ഏജൻസികളുടെയും (ഉദാ:- നിർമ്മിതി, കോസ്റ്റ് ഫോർഡ്) കുടുംബശ്രീയുടെ അംഗീകൃത പരിശീലന ഏജൻസികളുടെയും സഹായത്തോടെയാണ് പരിശീലനം നൽകി വരുന്നത്. |
| (സി) | പ്രസ്തുത മേഖലയിൽ ഇവരുടെ സേവനം വിപുലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. പരിശീലനം പൂർത്തീകരിച്ച യൂണിറ്റുകളെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടതുമായ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ സ്ഥിരവരുമാനം ലഭ്യമാക്കുന്നുണ്ട്. ഇവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 5 ലക്ഷത്തിൽ താഴെവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിക്കുന്ന സർക്കാർ അംഗീകൃത മൈക്രോ കോൺട്രാക്ടേഴ്സ് ആക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ